IT Starred & Unstarred on 21-06-2013

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 271 — 21.6.2013-ന് മറുപടിക്ക്

# കേരള സുസ്ഥിര നഗരവികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>,, പി. ശ്രീരാമകൃഷ്ണൻ<br>,, വി.റ്റി.എ.റഹീം | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കുമായി ഉണ്ടാക്കിയിട്ടുള്ള കരാർ പ്രകാരം കേരള സുസ്ഥിര നഗര വികസന പദ്ധതിയിൻ കീഴിലുള്ള പ്രവൃത്തികൾ ചെയ്തു തീർക്കേണ്ട സമയക്രമം വിശദമാക്കാമോ ; | എ) ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കുമായി 8.6.2006 തീയതി ഉണ്ടാക്കിയ കരാർപ്രകാരം കേരള സുസ്ഥിര നഗരവികസന പദ്ധതിയിൻകീഴിലുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള സമയ പരിധി 30.6.2012 വരെയായിരുന്നു ( 5 വർഷക്കാലാവധി). നിലവിൽ പ്രസ്തുത കാലാവധി 30.6.2014 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |
| ബി) കരാർ ലംഘിക്കപ്പെടുന്നുവെങ്കിൽ സർക്കാർ നൽകേണ്ടുന്ന പിഴയുടെ വിശദാംശങ്ങൾ നൽകാമോ; പിഴ നൽകിയിട്ടുണ്ടെങ്കിൽ നാളിതു വരെ എന്തു തുക പിഴയായി നൽകിയെന്നറിയിക്കാമോ ; | ബി) നിശ്ചിത കാലയളവിനുള്ളിൽ പിൻവലിക്കേണ്ട തുകയിൽ നിന്നും യഥാർത്ഥത്തിൽ പിൻവലിച്ച തുക കഴിഞ്ഞുശേഷിക്കുന്ന തുകകൾക്ക് ക്യുമിലേറ്റീവായി പ്രതിവർഷം 0.75% നിരക്കിൽ കമ്മിറ്റ്മെന്റ് ചാർജ് നൽകേണ്ടതുണ്ട്.<br>കമ്മിറ്റ്മെന്റ് ചാർജിനത്തിൽ നാളിതു വരെ 6028395.44 അമേരിക്കൻ ഡോളർ നൽകിയിട്ടുണ്ട് (ഏകദേശം 313476562.88/ ഇൻഡ്യൻ രൂപ). |
| സി) ഈ പദ്ധതിയിൻ കീഴിലുള്ള മുഴുവൻ പ്രോജക്ടുകളുടെയും ടെൻഡർ നടപടി പൂർത്തിയായിട്ടുണ്ടോ ; എങ്കിൽ ഈ പ്രോജക്ടുകളുടെ പൂർത്തീകരണം എന്ന് നടക്കുമെന്ന് അറിയിക്കുമോ ; | സി) ഈ പദ്ധതിയിൻകീഴിലുള്ള മുഴുവൻ പ്രോജക്ടുകളുടേയും ടെൻഡർ നടപടി പൂർത്തിയായിട്ടില്ല. |
| ഡി) പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | ഡി) പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും ഉണ്ടായ സാങ്കേതിക തടസ്സങ്ങളാണ് അവ സമയബന്ധിതമായിപൂർത്തിയാക്കുന്നതിന് പ്രധാനമായും വിഘാതമായത്. കൂടാതെ ഉയർന്ന |

ടെൻഡർ എക്സസ് കാരണം പ്രവൃത്തികൾ റീടെൻഡർ ചെയ്യേണ്ടി വന്നത്, ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച പ്രശ്നങ്ങൾ, പൊതുജനങ്ങളുടെ എതിർപ്പ്, പദ്ധതിനടത്തിപ്പിനിടയിൽ ഉയർന്നുവന്ന പ്രാദേശിക പ്രശ്നങ്ങൾ,കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ നിർമ്മാണത്തിന് അനുമതി ലഭിക്കുന്നതിനുണ്ടായ കാലതാമസം, റോഡ്കട്ടിംഗ്, യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, വൈദ്യുതി കണക്ഷൻ എന്നിവയുടെ സംഗതിയിൽ ബന്ധപ്പെട്ടവകുപ്പുകളിൽ നിന്നും അനുമതി ലഭിക്കുവാനുണ്ടാകുന്ന കാലതാമസം എന്നിവയും പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിഘാതമായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ